# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 54. — 09.03.2015-ൽ മറുപടിയ്ക്ക്.

### കേരള സിവിൽ സർവ്വീസ്

**ചോദ്യം**
ശ്രീ. എ.എ.അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

(എ) കേരള സിവിൽ സർവ്വീസ് പ്രകാരം ഏതൊക്കെ വകുപ്പുകളിലെ എത്ര തസ്തികകൾ വീതമാണ് നീക്കി വച്ചിട്ടുള്ളത്;

(ബി) ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന്റെ പ്രായപരിധി എത്രയാണ്;

(സി) സർവ്വീസിലുള്ളവർക്ക് എത്ര ശതമാനം സീറ്റുകളാണ് നീക്കി വച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

**(എ)യും (ബി)യും (സി)യും**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എം.എസ്) നം.228/14/പൊ.ഭ) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (05.01.2015-ലെ സ.ഉ.(എം.എസ്.) നം. 1/15/പൊ.ഭ.വ., 08.01.2015-ലെ സ.ഉ.(എം.എസ്.) നം. 9/15/പൊ.ഭ.വ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ